(ബി) പോലീസ് ഉദ്യോഗസ്ഥൻമാർ തന്നെ പോലീസിന്റെ അഴിമതി അന്വേഷിക്കാൻ നിയമിക്കപ്പെടുന്നതുകൊണ്ട് പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള അഴിമതി അന്വേഷണങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണം നിലവിലുണ്ട് എന്നും അതിൽ എത്രപേർ സർവ്വീസിലുണ്ടെന്നും എത്രപേർ സസ്പെൻഷനിലാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള രീതി മാറ്റി വിജിലൻസിനെ പ്രത്യേക വിഭാഗമാക്കാനുള്ള പ്രൊപ്പോസലുകൾ ഒന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല.

(ബി) പോലീസുദ്യോഗസ്ഥർ ഉൾപ്പെടുന്ന അഴിമതി അന്വേഷണങ്ങൾ പോലീസ് ഉദ്യോഗസ്ഥർ തന്നെ അന്വേഷിക്കുന്നതുകൊണ്ട് പ്രസ്തുത അന്വേഷണങ്ങളുടെ കാര്യക്ഷമത കുറയുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 117 പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നിലവിലുണ്ട്. ഇതിൽ 95 പേർ സർവ്വീസിൽ തുടരുന്നു. 18 പേർ സസ്പെൻഷനിലാണ്. 4 പേർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്.

**നിലവിലുള്ള വിജിലൻസ് കേസ്സുകൾ**

**71 (3024)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇപ്പോൾ എത്ര വിജിലൻസ് കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

511 വിജിലൻസ് കേസ്സുകൾ.

**കനേഡിയൻ കമ്പനിക്ക് കരാർ നൽകിയത് സംബന്ധിച്ച വിജിലൻസ് അന്വേഷണം**

**72 (3026)** ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണത്തിന് കനേഡിയൻ കമ്പനികളായ എസ്.എൻ.സി. ലാവ്‌ലിന് കരാർ നൽകിയതിലെ അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് ;

(സി) അന്വേഷണ ഉദ്യോഗസ്ഥനെ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഏതെങ്കിലും സാഹചര്യത്തിൽ അന്വേഷണം ഉപേക്ഷിക്കാൻ ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം പ്രാരംഭ ദിശയിലാണ്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

**ഇ.ടി.സി. ഹോസ്റ്റലിൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്**

**73 (3027)** ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 കാലയളവിൽ കണ്ണൂർ ജില്ലയിലെ ഇ.ടി.ബി. (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ-തളിപ്പറമ്പ്)-ലെ ഹോസ്റ്റലിൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതി നടന്നു എന്ന് ആരോപണത്തെക്കുറിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നുവോ ;

(ബി) മേൽ ആരോപണവുമായി ബന്ധപ്പെട്ട ആരെയെങ്കിലും സസ്പെൻഡ് ചെയ്തിരുന്നോ ;

(സി) എങ്കിൽ ആരെയെല്ലാമാണ് ;

(ഡി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു.

(ബി&സി) മേൽ ആരോപണവുമായി ബന്ധപ്പെട്ട് തളിപ്പറമ്പ് ഇ.റ്റി.സി.യിലെ മുൻ പ്രിൻസിപ്പൽ ശ്രീ. എസ്. ഗോപാലകൃഷ്ണൻ പോറ്റിയെ സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത കേസ് ഇപ്പോൾ കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ വിചാരണയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly